


# മർമ്മരം

## ലിറ്റിൽ കൈറ്റ്സ് 2019-2020



## സെന്റ് മേരീസ് എച്ച്.എസ്.എസ്.

## മരിയാപുരം



മരിയാപുരം സെന്റ് മേരീസ്
ഹയർസെക്കണ്ടറി സ്കൂളിലെ
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ
ഡിജിറ്റൽ മാഗസിൻ "**മർമ്മരം**"
ചിന്തകളിലേക്കുവളർന്ന സ്വപ്നങ്ങളുടേയും
ഭാവനകളുടേയും ആവിഷ്കാരമാണ്.
കുട്ടികൾ തങ്ങൾ പരിശീലിച്ച ഡിജിറ്റൽ
സങ്കേതങ്ങളുടെ കൂട്ടോടെ വരവർണങ്ങൾ
വിരിയിച്ചിരിക്കുന്നു. കുട്ടിച്ചിന്തകളെ
സർഗസൃഷ്ടിയിലേക്ക് തിരിച്ചുവിട്ടവർക്കും
സാധനയുടെ സാഫല്യമറിഞ്ഞവർക്കും
മർമ്മരത്തിനും ആശംസകൾ..........

പ്രിൻസിപ്പാൾ
വിൻസി സെബാസ്റ്റ്യൻ



# എഡിറ്റോറിയൽ

സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ
കനവുകൾക്ക് അക്ഷരങ്ങളുടെ നിറം പകർന്ന
കുട്ടികളുടെ പുഞ്ചിരിയാണ് ഈ താളുകളിൽ
നിറയുന്നത്.
കണ്ണിമയ്ക്കാതെ കാലത്തെ പ്രതീക്ഷയോടെ
നോക്കുന്നവരുടെ രചനകൾക്ക് കാലമേറെ
കഴിഞ്ഞാലും മങ്ങിപ്പോവാനാവാത്ത
മായികശോഭയുണ്ട്.
മനസ്സിലെ രഹസ്യ അറകൾക്കുള്ളിൽ
തടകെട്ടി നിറുത്തിയ വികാരങ്ങൾ
അണപൊട്ടി ഒഴുകുകയാണിവിടെ ........
കരുത്ത് പകരന്ന് കൂടെനിന്ന കരുതലുള്ള
കരങ്ങൾ അനശ്വരമാക്കിയ വരികൾ
താളുകൾക്ക് മികവ് പകരുന്നു.
ഉള്ളിലുറങ്ങിയ കലാവാസനകൾക്ക്
ഭാവനയുടെ ചിറക് വരച്ചുചേർത്തവരെ
സ്നേഹപൂർവ്വം സ്മരിച്ചുകൊണ്ട്

**മർമ്മരം** നിങ്ങൾക്കായി സമർപ്പിക്കുന്നു..........


അനില കെ.എസ്



# താളുകൾ മറയുമ്പോൾ............


എഡിറ്റോറിയൽ..........2
ഫുട്ബോളിന്റെ ജനനം..........5
*റഗ്ബി എന്ന കാൽപ്പന്ത് കളി*..........7
*പ്രചോദനാത്മക കഥകൾ*..........8
എന്തൊരുവീഴ്ച !..........9
തട്ടുകട..........9
എം. പി. പോൾ..........10
മുത്തശ്ശി..........11
എന്റെ പ്രകൃതി..........11
ദുഃഖത്തിന്റെ കാരണം..........12
മുട്ടയിടുന്ന പ്ലാറ്റിപ്പസ്..........14
മഴവില്ല്..........15
Profile..........16
DUPER FRIENDS..........16
അമ്പിളി അമ്മാവൻ..........17
ഇടശ്ശേരി ഗോവിന്ദൻനായർ..........19
ലോകം..........20
നിലാവ്..........22
നിലാവ്..........23
A prayer in spring..........24
ഭൂമിയുടെ ചോര ഊറ്റുന്ന മനുഷ്യൻ..........25
മഴ..........27
നമ്മുടെ നാട്..........29

# ഫുട്ബോളിന്റെ ജനനം



ഫുട്ബോൾ വെറും ഒരു കളിമാത്രമല്ല .

പലരുടെയും ജീവിതമാണ് .

## *കളിക്കളത്തിലെ കവിത*

**"കാൽപന്ത് [foot ball] എനിക്കൊരു മതമാണ്. പന്തിനെ ഞാൻ ആരാധിക്കുന്നു. അതിനെ ദൈവത്തെപോലെ കാണുന്നു."**

ലോകം കണ്ട ഫുട്ബോൾ ഇതിഹാസതാരമായ പെലെയുടെ വാക്കുകളാണിത്. ഫുട്ബോളിനെ "Beautiful game"എന്നാണ് അദ്ദേഹം വിശേഷിപ്പിക്കുന്നത്.

പെലെ പറയുംപ്പോലെ ഫുട്ബോളിനെ എനിക്ക് ദൈവത്തെപോലെ കാണാൻ സാധിക്കുകയില്ല. കാരണം ദൈവം ഒത്തിരി മുകളിലാണ്, അത്ര വലുതാണ്ദൈവം.പക്ഷേ, കാൽപന്ത് ഖൽബാണ് ചങ്കാണ്,അല്ല, ചങ്കിടിപ്പാണ്.

## *കാൽപ്പന്ത് എന്ന " BEAUTIFUL GAME"*

ഒരു പന്തിന് പിന്നാലെ 22 കളിക്കാർ, അവരെ പിന്തുടർന്ന് 200 കോടി കണ്ണുകൾ! പന്തു തട്ടുന്നവരുടെ പേരു പറഞ്ഞ് ആർപ്പു വിളിക്കാൻ ലോകമെമ്പാടുമുള്ള രാജ്യങ്ങളിലെ പേരറിയാത്ത 10,000 കണക്കിന് തെരുവുകൾ!. അതെ ഇത്രയും ആവേശകരമായ ഒരു കളി ലോകത്ത് വേറെയില്ല.

ഇക്കഴിഞ്ഞ 2014 ലോകകപ്പിൽ അർജൻറ്റീനയും ജർമ്മനിയും തമ്മിലുള്ള ഫൈനൽ മത്സരം ടെലിവിഷനിലൂടെ കണ്ടത് നമ്മളടക്കം 100 കോടി ജനങ്ങളാണ്...!!!!!!!!

## ***ഫുട്ബോളിന്റെ തുടക്കം***

ഫുട്ബോൾ എന്ന കാൽപന്തുകളിയുടെ തുടക്കം തേടിപ്പോയാൽ 2,000 വർഷങ്ങൾക്കപ്പുറമുള്ള ചൈനയിലും, ജപ്പാനിലും, ഗ്രീസിലും റോമിലുമൊക്കെയാകും നാം ചെന്നെത്തുക. അതായത് 2,000 വർഷം മുമ്പുള്ളവർ വരെ സ്നേഹിച്ചിരുന്നത്, പാവപ്പെട്ടവരുടെ വരെ പ്രിയപ്പെട്ട കളിയായ **കാൽപ്പന്താണ്.**

## ***കാൽപ്പന്ത് എന്ന മഹായുദ്ധം***

കളിക്കമ്പം മൂത്ത് രാജ്യത്ത് കാൽപ്പന്ത് നിരോധിക്കണം എന്ന് വരെ കാര്യങ്ങളെത്തിയ **ഇംഗ്ലണ്ടാണ്** കാൽപന്തു കളിയുടെ വളർച്ചയിൽ നിർണായകമായ പങ്കുവഹിച്ച രാജ്യം...!!!!


കാൽപ്പന്ത് എന്നാൽ ഒരുതരം യുദ്ധം പോലെയായിരുന്നു അന്ന് ഇംഗ്ലണ്ടിൽ. യുദ്ധം ചെയ്യുന്ന പട്ടാളക്കാർ വരെ കാൽപ്പന്ത് തന്നെ 24 മണിക്കൂറും കളിച്ചുകൊണ്ടിരുന്നതാണ് കാൽപ്പന്ത് നിരോധിക്കാൻ വരെ കാരണമായത്. പക്ഷെ അങ്ങനെയെന്നും അവർക്ക് കാൽപ്പന്ത് നിരോധിക്കാൻ പറ്റിയില്ല. പറഞ്ഞാലോ യുദ്ധം പോലെയാണെന്ന് "ഗ്രാമവാസികൾ ചേരിതിരിഞ്ഞ് പങ്കെടുക്കുന്ന യുദ്ധം ”.

"ഗ്രാമത്തിന്റെ രണ്ടറ്റങ്ങളിലായിരുന്നു ഗോൾ പോസ്റ്റുകൾ".

പന്തുതട്ടി അവിടെയെത്തിക്കുന്നവർ വിജയിക്കും. അന്ന് ഇന്നത്തെപോലെ നിയമങ്ങളൊന്നും ഇല്ലായിരുന്നെങ്കിലും, പന്ത് കൈകൊണ്ട് തൊടുന്നത് മാത്രം അനുവദിച്ചിരുന്നില്ല.അങ്ങനെയാണ് "***കാൽപ്പന്ത്***"എന്ന പേര് വീണത്.

ആൽബിൻ സണ്ണി

# *റഗ്ബി എന്ന കാൽപ്പന്ത് കളി*



1823-ൽവില്യം വെമ്പ്ഇല്ലിസ്സ് എന്ന കളിക്കാരൻ പന്ത് കൈയ്യിലെടുത്തു കൊണ്ട് ലക്ഷ്യത്തേക്ക് ഓടി. അത് നിയമവിരുദ്ദമാണെങ്കിലും അതിൽ നിന്ന് ഒരു കളി പിറന്നത് "***റഗ്ബി***" അതിനാൽ ഈ കളിയുടെ മുഴുവൻ പേര് "***rugby football***" എന്നാണ്.

## *ഫിഫയുടെ പിറവി*

ഫുട്ബോളിൻെറ ഐക്യരാഷ്ട്രസഭയായി അറിയപ്പെടുന്ന പ്രസ്ഥാനമാണ് ലോക ഫുട്ബോളിൾ ഫെഡറേഷൻ അഥവാ FIFA(FEDERATION INTERNATIONAL FOOT BALL ASSOCIATION) ഫുട്ബോളിന്റെ സ്ഥിരമായ വികാസം എന്നതാണ് ഫിഫയുടെ ലക്ഷ്യം ഇപ്പോൾ വളർന്ന പന്തലിച്ചു നിൽക്കുന്ന ലോകഫുട്ബോളിലെഅവസാനത്തെ വാക്കായ "ഫിഫാ" 1904 MAY 31 ന് നിലവിൽ വന്ന തുടക്കത്തിലുണ്ടായിരുന്നത് വെറും7 രാജ്യങ്ങളാണ്. ബെൽജിയം, ഡെൻമാർക്ക്, ഫ്രാൻസ്, നെതർലെൻറ്റസ്, സ്പെയിൻ, സ്വീഡൻ, സ്വറ്റ്സർലാൻഡ്. പിന്നീട് പല രാജ്യങ്ങളും വന്നു. ഏകദേശം 100 കണക്കിന് രാജ്യങ്ങൾ . അങ്ങനെ ഫിഫയും വളർന്ന് വലിയ സംഭവമായി.

സൂര്യ സന്തോഷ്



## പ്രചോദനാത്മക കഥകൾ

ഒരിക്കൽ ഒരു ഗ്രാമത്തിലെ ആളുകൾ മഴ പെയ്യാൻ പ്രാർത്ഥിക്കാം എന്ന്നിശ്ചയിച്ചു എല്ലാവരും ഒന്നുചേർന്നു അതിൽ ഒരു കുട്ടി മാത്രം കുടയുമായി വന്നു.

"അതാണ് പ്രതീക്ഷ"

നമ്മൾ ഒരു കൊച്ചുകുട്ടിയെ മുകളിലേക്ക് പൊക്കിയെറിഞ്ഞ് താലോലിക്കുമ്പോൾ, ആ കൊച്ചു ചിരിക്കുന്നു

"അതാണ് വിശ്വാസം"

നാളെ ജീവിച്ചിരിക്കുമോ എന്ന ഒരു ഉറപ്പുമില്ലാതെ നമ്മൾ അലാറം സെറ്റ് ചെയ്തു കിടന്നുറങ്ങുന്നു

"അതാണ് പ്രത്യാശ"

**ജെറിൻ ജോസ്**



***കൗതുകമോടാലപിച്ചാലും***
***മനസ്സിൽ***
***ഇരുട്ടാണെങ്കിൽ***
***ലോകംമുഴവൻ***
***ഇരുണ്ടതായി***
***തോന്നുന്നു .***
***മനസ്സിൽ***
***വെളിച്ചമാണെങ്കിൽ***
***എല്ലായിടത്തും***
***വെളിച്ചമുള്ളതായി***
***തോന്നുന്നു .***

മുഹമ്മദ് അമീർ

കഥ



## എന്തൊരുവീഴ്ച !

*ജമീന്ദാർ റാംജിയുടെ ജോലിക്കാരാണ് ഗോല്യവും ബാല്യവും . എന്തെങ്കിലുമൊക്ക പറഞ്ഞ് സ്ഥിരം അവധിയെടുക്കാൻ ഗോല്യവിന് ഒരു മടിയുമില്ല . ഒരിക്കൽ ഒരാഴ്ചത്തെ അവധി കഴിഞ്ഞ് ഗോല്യ വന്നപ്പോൾ ജമീന്ദാർ കലി തുള്ളി . "ഹ്ഉം പൊയ്ക്കോ മടിയാ ... മേലിൽ ഇവിടെ കണ്ടു പോകരുത് !" "ഹയ്യോ ... അങ്ങനെ പറയല്ലേ യജമാനനേ . വീടിന്റെ മേൽക്കൂര മേയുന്നതിനിടെ ഞാൻ കഴിഞ്ഞ ആഴ്ച അൻപതു പടികളുള്ള ഒരു ഏണിയിൽ നിന്നു താഴെ വീണു . അതാ ജോലിക്കു വരാഞ്ഞത് ."" ങ്ഹേ ! അതു ഞാനറിഞ്ഞില്ലല്ലോ. ശ്ശോ ... പാവം!പോയി ജോലിക്കു കയറിക്കോ കേട്ടോ .'' ദയ തോന്നിയ ജമീന്ദാർ ഗോല്യവിനെ ജോലിക്കു കയറ്റി . അപ്പോൾ ബാല്യ ചോദിച്ചു ."ഗോല്യ , അൻപതു പടിയുള്ള ഏണീന്നു വീണിട്ട് നിനക്കൊന്നും പറ്റിയില്ലേ ?" അപ്പോൾ അതാ വരുന്നു ഗോല്യവിന്റെ മറുപടി : "ഹി ...ഹി ...മണ്ടച്ചാരേ , ഞാൻ വീണതേ ... ഏണിയുടെ ഏറ്റവും താഴത്തെ പടിയിൽനിന്നാ ."*

*അലൻ സുരേഷ്*



## തട്ടുകട

*അപ്പുവിനുണ്ടൊരു തട്ടുകട,*
*തട്ടിക്കൂട്ടിയ തട്ടുകട .*
*അപ്പം , ബോണ്ട , പരിപ്പുവട*
*തട്ടാനായി കിട്ടുമെടാ .*
*പുട്ടും പഴവും തട്ടുമ്പോൾ*
*തുട്ടും പണവും കിട്ടുമെടാ .*

*അമൽ കുമാർ ഇ.എസ്*

## മുക്തകങ്ങൾ



**പാടത്തിൻ കര നീളെ**
**നീലനിറമായ്**
**വേലിക്കൊരാഘോഷമായി**
**ആടിത്തുങ്ങിയലഞ്ഞു സുകൃതം**
**കൈക്കൊണ്ടു നിൽക്കും വിധൗ**
**വാടാതേ വരികെന്റെ  കൈ**

**അനിൽ സാജു**



## എം. പി. പോൾ

1904 മേയ് 1 ന് എറണാകുളം ജില്ലയിലെ വരാപ്പുഴയിൽജനിച്ചു. എറണാകുളത്ത് പ്രാഥമിക വിദ്യാഭ്യാസമാരംഭിച്ചു. ഇദ്ദേഹം ഇംഗ്ലീഷ് സാഹിത്യത്തിൽ എം.എ ബിരുദം നേടി. തൃശ്ശൂർ സെന്റ് തോമസ് കോളേജിലും ചങ്ങനാശ്ശേരി എസ്. ബി കോളേജിലും അദ്ധ്യാപകനായിരുന്ന എം. പി. പോൾസ് ട്യൂട്ടോറിയൽ എന്ന സ്ഥാപനം നടത്തി . സാഹിത്യപ്രവർത്തക
സഹകരണ സംഘത്തിന്റെ സ്ഥാപക അംഗവും പ്രസിഡൻറുമായിരുന്ന 1952 ജൂലൈ 12-ന് അന്തരിച്ചു.


റോയറ്റ് റോയിച്ചൻ



## മുത്തശ്ശി

ഞങ്ങൾക്കുണ്ടൊരു  മുത്തശ്ശി
പല്ലില്ലാത്തൊരു  മുത്തശ്ശി
വടിയും  കുത്തി കാവടിപോലെ
വളഞ്ഞു  നടക്കും മുത്തശ്ശി
വളഞ്ഞു  നടക്കും  മുത്തശ്ശി ( 2)

സൽമ അബ്ദുൾ റഹിം







എന്റെ പ്രിയ കൂട്ടുകാരി
ഇന്ന് നീ എവിടയോ
നിന്റെ  കൂടെ  കളിക്കാൻ
ഞാൻ  ഇതാ വരവായി ...

എന്റെ  അമ്മയായി
എന്റെ  തോഴിയായി
കൂടെ  കളിക്കാൻ
വരുമോ  നീ...

നിന്റെ  വരവിനായി
ഞാൻ   കാതോർത്തു
നിന്റെ ചില്ലകളിൽ
ചേക്കേറാൻ  ഇന്ന്
ഞാൻ കൊതിക്കുന്നു. . . . ...

നിഷ രാജു

## ദുഃഖത്തിന്റെ കാരണം



ബുദ്ധിജീവിയായ മോപ്പന്റെ കൂട്ടുകാരനാണ് ടോപ്പൻ. "എന്തു പറയാ മോപ്പാ, എന്നും ദുഃഖങ്ങളാ." ടോപ്പൻ ഒരിക്കൽ സങ്കടം പറഞ്ഞു "ഓഹോ,! നീ കേട്ടിട്ടില്ലേ, ആഗ്രഹങ്ങളാണ് എല്ലാ ദുഃഖത്തിന്റെയും കാരണം. മോപ്പൻ വലിയ തത്വം പറഞ്ഞു. "മനസ്സിലായില്ല, ഒന്നു സിമ്പിളായി പറയാമോ?" ടോപ്പൻ ചോദിച്ചു. മോപ്പൻ ഒരു നിമിഷം ആലോചിച്ചിച്ചു പറഞ്ഞു "ഒകെ വഴിയേ മനസിലാകും. ഇപ്പോൾ പൊയ്ക്കോ. ങാ....പോകുമ്പോൾ ആ വാഴക്കുലയും കൂടി എടുത്തോ. ടോപ്പൻ പോയതിന്റെ പിന്നാലെ മോപ്പൻ ചെന്ന് വഴിയിൽ കെട്ടിയ പശുവിനെ അഴിച്ചുവിട്ടു. വാഴക്കുല കണ്ട പശുവാഴക്കുലയെ ലക്ഷ്യമാക്കിയോടി. പശു വരുന്നത് കണ്ട ടോപ്പൻ ജീവനും കൊണ്ടോടി. ഓടിയ ടോപ്പൻകല്ലിൽ തട്ടി വീണു. ടോപ്പനെ കാണാൻ ആശുപത്രിയിതെത്തിയ മോപ്പൻ പറഞ്ഞു"ഞാൻ പറഞ്ഞില്ലെ ആഗ്രഹങ്ങളാണ് എല്ലാ ദുഃഖത്തിന്റെയും കാരണം എന്ന്." ടോപ്പൻ തല താഴ്ത്തി.........

ക്രിസൺ ബാബു

## എന്റെ ഗ്രാമം



ഉഷസ്സിൽകിരണങ്ങളേറ്റൊരാ-
നെൽക്കതിർ ആമോദത്തോടെ
കുണുങ്ങിനിന്നീടുന്ന
പാതവക്കിലൂടുള്ളൊരാ ആൽമരം
ഹസ്തങ്ങളാട്ടി മാടിവിളിക്കുന്ന
കുഞ്ഞുങ്ങളെന്നും കുത്താടിയിരുന്നൊരാ-
താമരപൊയ്കയും ആമ്പൽക്കുളങ്ങളും
വാനിൽ പറന്നീടുന്നൊരാ വിഹഗങ്ങൾ
മൃത്യവാമസ്ത്രത്തിൽ വാരണമില്ലാതെ
നിശതൻ ജോത്സനയിൽ തിളങ്ങി-
നിന്നീടുന്നൊരാ ഇന്ദുവിൻ വദനവും
നാനാമതങ്ങളും വസിച്ചീടുന്നൊരാ-
നാരകമായീടുന്ന എന്റെ ഗ്രാമം.

അശ്വിൻ സുരേഷ്

# സൗഹൃദം



ഒരിടത്തൊരിടത്ത് നാല് ചങ്ങാതിമാരുണ്ടായിരുന്നു. അവർ നല്ലഅനുസരണയുള്ളവരായിരുന്ന .ചിന്ന,പൊന്നു,അമ്മു,അല്ലു,എന്നായിരുന്നു അവരുടെ പേരുകൾ. അവർ ഒരു ഗ്രാമത്തിലായിരുന്നു താമസിച്ചിരുന്നത്.അവരുടെ കൂട്ടുകെട്ട് നല്ലതായിരുന്നതിനാൽ അവരുടെ മാതാപിതാക്കൾ അവരെ വിലക്കിയിരുന്നില്ല.

ഒരു ദിവസം അവർ കളിച്ചുകൊണ്ടിരിക്കുകയായിരുന്നു.ആ സമയം, ഭംഗിയുള്ള ഒരു ചിത്രശലഭത്തെ അവർ കണ്ടു.

അവർ അതിന്റെ പിറകേ ഓടി. അവസാനം, അവർ ഒരു കാട്ടിലെത്തപ്പെട്ടു.അപ്പോഴാണ് അവർ അത് ശ്രദ്ധിച്ചത്,അവർ ഗ്രാമത്തിൽ നിന്ന് ഒരുപാട് അകലെയാണെന്ന്.കാട്ടുമുഴുവഴൻ ഇരുട്ട് വ്യാപിച്ചിരുന്നു.അവർ തിരിച്ചെങ്ങനെ വീട്ടിലെയ്ക്ക് പൊകുമെന്നോർത്ത് പേടിച്ചു. കാരണം,താമസിച്ച് വീട്ടിൽ ചെന്നാൽ അമ്മ വഴക്കുപറയും എന്ന് ചിന്നു പറഞ്ഞു.

അപ്പോൾ അമ്മു പറഞ്ഞു,നീ കാരണമല്ലേ നമ്മൾ ഇവിടെ വരെ എത്തിയത്.അങ്ങനെ എല്ലാവരും ഓരോരുത്തരെയായി കുറ്റപ്പെടുത്താൻ തുടങ്ങി.അവസാനം അവർ പിണക്കത്തിലുമായി.അവർ പലവഴിയെ വഴക്കിട്ട്

പിരിഞ്ഞു പോയി. കുറച്ചുകഴിഞ്ഞപോൾ അവർക്ക് അവരുടെ തെറ്റ് മനസിലായി കൂട്ടുകൂടി

അപ്പോഴെക്കും നേരം ഇരുട്ടി കഴിഞ്ഞിരുന്നു.എന്നിട്ട് അവർ ഒന്നിച്ച് വീട്ടിലേക്ക് പോയി.

<u>ഗുണപാഠം</u> ഐക്യമത്യം മഹാബലം

By,Anila,Amala,Alfa

## മുട്ടയിടുന്ന പ്ലാറ്റിപ്പസ്



താറാവിന്റേതു പോലുള്ള കൊക്കും കുറുകിയ കാലുകളും ബീവന്റേതു പോലുള്ള വാലുകളും നീർനായയുടേതിനും സമാനമായ പാദങ്ങളുമുള്ള ഇവരെ കണ്ടാൽ ഒറ്റ നോട്ടത്തിൽ ആരും അന്ധാളിച്ചു പോകും പല്ലുകളില്ല എന്നതാണ് മറ്റൊരു പ്രത്യേകത. പല്ലില്ലാത്തതിനാൽ കൊക്കുകൾ കൊണ്ട് ഇരയെ ചെറു കഷണങ്ങളാക്കിയാണ് ഇവർ ഭക്ഷിക്കുന്നത്.ഇവരുടെ തോൽ എടുക്കുന്നതിനായി മനുഷ്യർ പ്ലാറ്റിപ്പസുകളെ വൻ തോതിൽ വേട്ടയാടിയിരുന്നു.കടുത്ത വംശനാശം ഭീഷണി നേരിടുന്ന പ്ലാറ്റിപ്പസുകളെ സംരക്ഷിക്കുന്നതിനായി സംരക്ഷിത ജീവിയായി പ്രഖ്യാപിക്കുകയുണ്ടായി.

*Aybal Thomas*






ഏഴുനിറങ്ങളാൽ നെയ്തുപുടവചുറ്റി
ആ നീലാകാശത്ത് നില്പ്ത് കാണാനെന്ത്ചേലാ
മഴയ്ക്ക് മുൻപേ നീ എത്തുന്നത് കാണാൻ
ഒത്തിരിദൂരം ഞാൻ ഓടിയെത്തും
മാനത്ത് എത്തും മഴവില്ലെ നിന്നെ
കാണാൻ എന്തൊരു ചന്തമാണ്
മാനത്ത് വിരിയുന്ന നിൻ ഏഴുനിറങ്ങളും
കാണുമ്പോൾ മയിലമ്മ പെണ്ണിനാട്ടം
നാണിച്ചുനാണിച്ചു നൃത്തമാടുമ്പോൾ
മയിലമ്മപെണ്ണിനെന്തൊരു ചന്തം,
നിൻമേനിതന്നിലെ ഏഴുനിറങ്ങളും
ഒരായിരം നിറങ്ങളായി പൂത്തിടുമ്പോൾ
ആഹാ എന്തൊരു ചേലായിരിക്കും.

ആര്യ ജ്ഞകൻ

# Profile

## *Juliane Diller*



Born on 10 October, 1954),alias Juilane Margaret Koepcke,is a German biologist, born in peru she is best known as the sole survivor among 92 passengers and crew in the 24 December 1971 crash of lansa flight 508 in the peruvian rainforest. Her memoir when I Fell from the sky is an international best seller and is ‘a gripping account of a harrowing adventure and an inspiring life’.

Nandhu R Nair

## DUPER FRIENDS



Once upon a time,there were 6 girls.They were best friends .Their group was named as JADAPD.They were Jesna, Angel,Delna,Adon,Parvathy and Devika.Always they had a beutifull time.Also inthe dream they were with friends.They sharestheir feelings,problems and every secrets each other .If one had a problem all will help to getrid of this problem.

ADON MARY

# അമ്പിളി അമ്മാവൻ



*എന്റെ കുഞ്ഞു അമ്പിളി അമ്മാവൻ*
*താഴെ വരുമോ എന്റെ കൂടെ*
*ആടിയു പാടിയും ഇന്ന് എന്റെ വിട്ടിൽ*
*കടന്നു വരുമോ.....*
*നിന്നെ കാണാൻ എന്തു ചന്തം*
*ഏങ്ങനെയാണ് നി തെളിഞ്ഞു നിൽക്കുന്നത്*
*നീഎന്റെ കൂട്ടുകാരിയായി*
***അരികത്തു വരുമോ***



***റോസ് മരിയ സോജൻ***

നവീൻ മാത്യൂ



# ഇടശ്ശേരി ഗോവിന്ദൻനായർ



*1906 ഡിസംബർ 23-ന് കുറ്റിപ്പുറത്ത് ജനിച്ചു. കവി, നാടകകൃത്ത്, സാമൂഹികപ്രവർത്തകൻ, വക്കീൽ, ഗുമസ്തൻ, എന്നി നിലകളിൽ പ്രവർത്തിച്ച കേരളസാഹിത്യ അക്കാദമിയിലും സംഗീത നാടകഅക്കാദമിയിലും അംഗമായിരുന്ന അളകാവലി കറുത്തചെട്ടിച്ചികൾ കാവിലെ പാട്ട്, ഒരു പിടി നെല്ലിക്ക, തത്വശാസ്ത്രമുറങ്ങങ്ങബോൾ, പുത്തൻകലവും അരിവാളും, തുടങ്ങിയ കവിതാസമാഹാരങ്ങളും, കൂട്ടുകൃഷി, നൂലാമാല, എണ്ണിച്ചുട്ടഅപ്പം, കളിയും ചിരിയും, തൊടിയിൽ പടരാത്ത മുല്ല തുടങ്ങിയ നാടകങ്ങളും രചിച്ചിട്ടുണ്ട്.1971-ൽ കേരളസാഹിത്യഅക്കാദമി അവാർഡും1970-ൽ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും ലഭിച്ചു. 1974 ഒക്ടോബർ 16- ന് അന്തരിച്ചു.*

ദേവിക എസ്

*************************************




# ലോകം

ആരോരും വരില്ല മനുഷ്യരേ
നിന്നുടെ ജീവിത കാലയളവിൽ
ഓരോത്തരും നമ്മുടെ ജീവിതമാകുന്ന
ദീപപ്രഭാഗത കുറയുന്നു

പ്രകൃതിയുടെ അന്തരം കാണുക മനുഷ്യരേ
നിന്നുടെ ജീവിത കാലയളവിൽ നീ ചെയ്യുന്ന
നാശങ്ങളെല്ലാം വരും തലമുറ
അനുഭവിക്കുമെന്ന് നീ ഓർക്കുക
കേരളനാടിന്റെ കേളി അറിഞ്ഞ മനുഷ്യരാണ്
നമ്മൾ ഓരോരുത്തരും ആ നാടിന്റെ ദുഃഖമാം
സന്തോഷദീപം കെടുത്തിയത് മനുഷ്യരേ ഓർക്കുക
നമ്മുടെ നാടിന്റെ ദീപം തെളിക്കുന്നവൻ പ്രകൃതി
നീ ഓർക്കുക...
ജീവിതമായൊരു വിസ്മയ കാഴ്ചകൾ
കാണുന്നതും പ്രകൃതിയിൽ നിന്നല്ലോ മനുഷ്യരേ
മനുഷ്യർ നമ്മുടെ ജീവിത കാലയളവിൽ
തന്നുടെ നാശം തന്നെ തീർക്കുന്നുവെന്നും
മനുഷ്യരായ നമ്മൾ ഓർക്കുക.
പ്രകൃതിയുടെ നാശമല്ല നമ്മളെന്നും ഓർക്കുക
പച്ചപ്പിൻ ആഴമുള്ള പ്രകൃതിയെ
മണ്ണായി തീർക്കുന്നതും നമ്മൾ തന്നെയല്ലേ..?
എല്ലാം അറിയുന്നവനാണ് ഈശ്വരനെന്ന്
നീ ഓർക്കുക മനുഷ്യരേ........

ആൽഫാ തെരേസ് ബിജു




ആൽബിൻ ജോസഫ്



# നിലാവ്

ചെറുകാററിൻ  കുളിർമയേകും നിലാവ്
മധുരസ്വപ്ങ്ങൾ പൂവണിയും നിലാവിൽ
ഒരു ചെറുപക്ഷി അവൾ തൻ കൂടറിയാതെ തേങ്ങുന്നു
ആരെന്നോ  എന്തെന്നോ അറിയാതെ  നിൻക്കുന്ന
പക്ഷിതൻ  തേങ്ങൽതിരിച്ചറിഞ്ഞു. ആ നിലാവ് തൻ
നെഞ്ചിലെ ചൂടായി ഒട്ടിച്ചേർത്തു ആവളെ
നിലാവിൻ സ്നേഹം അമ്മതൻ സ്നേഹമായി കാൺകെ
അവളുടെ തേങ്ങൽ അല്പം നിലച്ചു.
പാതി ഉറക്കത്തിൽ അവൾ കാണിച്ച വിഷമം
നിലാവിൻ കുളിർമയാൽ അവൾ പരിചരിച്ചു.
അമ്മയായ്, അച്ഛനായ് തൻ കൂടപ്പിറപ്പായ്
ഒരു രാത്രിയിൽ അവൾ എല്ലാം എല്ലാമായ്……..
ഇരുട്ടിനെ പേടിച്ച് കരഞ്ഞ ആ ചെറു പക്ഷിതൻ
താങ്ങായി ചെറു പ്രകാശമേകി തൻ അമ്മ നിലാവ്
പ്രഭാതത്തിൽ കൂടുതേടി പറന്ന ആ ചെറുപക്ഷി
അമ്മ നിലാവിനോടിങ്ങനെയോതി  അമ്മതൻ
സ്നേഹം അജ്ഞാതവും എന്നാൽ
അമ്മ നിലാവിൻ സ്നേഹം അചഞ്ചലവുമാണ്……...

ഫർഹാന സവദ്



# നിലാവ്



ചെറുകാററിൻ  കുളിർമയേകും നിലാവ്
മധുരസ്വപ്നങ്ങൾ പൂവണിയും നിലാവിൽ
ഒരു ചെറുപക്ഷി അവൾ തൻ കൂടറിയാതെ തേങ്ങുന്നു
ആരെന്നോ  എന്തെന്നോ അറിയാതെ  നിൽക്കുന്ന
പക്ഷിതൻ  തേങ്ങൽതിരിച്ചറിഞ്ഞു. ആ നിലാവ് തൻ
നെഞ്ചിലെ ചൂടായി ഒട്ടിച്ചേർത്തു ആവളെ
നിലാവിൻ സ്നേഹം അമ്മതൻ സ്നേഹമായി കാൺകെ
അവളുടെ തേങ്ങൽ അല്പം നിലച്ചു.
പാതി ഉറക്കത്തിൽ അവൾ കാണിച്ച വിഷമം
നിലാവിൻ കുളിർമയാൽ അവൾ പരിചരിച്ചു.
അമ്മയായ്, അച്ഛനായ് തൻ കൂടപ്പിറപ്പായ്
ഒരു രാത്രിയിൽ അവൾ എല്ലാം എല്ലാമായ്.......
ഇരുട്ടിനെ പേടിച്ച് കരഞ്ഞ ആ ചെറു പക്ഷിതൻ
താങ്ങായി ചെറു പ്രകാശമേകി തൻ അമ്മ നിലാവ്
പ്രഭാതത്തിൽ കൂടുതേടി പറന്നു ആ ചെറുപക്ഷി
അമ്മ നിലാവിനോടിങ്ങനെയോതി  അമ്മതൻ
സ്നേഹം അജ്ഞാതവും എന്നാൽ
അമ്മ നിലാവിൻ സ്നേഹം അചഞ്ചലവുമാണ്.......

**അലോഷ്യസ് രെജിത്ത്**

## A prayer in spring



Oh, give us pleasure in the flowers to-day;
And give us not to think so far away
As the uncertain harvest; keep us here
All simply in the springing of the year.

Oh, give us pleasure in the orchard white;
Like nothing else by day, like ghosts by night;
And make us happy in the happy bees,
The swarm dilating round  the perfect trees.

And make us happy in the darting birds
That suddenly above the bees is heard,
The meteor that thrusts in with needle bill,
**And off a blossom in mid air stands still.**

**Melbin Binoy**

# ഭൂമിയുടെ ചോര ഊറ്റുന്ന മനുഷ്യൻ



പരിസ്ഥിതി നേരിടുന്ന ഭീഷണികളെക്കുറിച്ച് നിത്യേന കേട്ടും വായിച്ചും അറിഞ്ഞിട്ടുള്ള നമ്മൾ ആ ഭീഷണികൾക്ക് എന്തുകൊണ്ടോ പരിഹാരം കണ്ടെത്തുന്നില്ല . പരിസ്ഥിതി മലിനീകരണം , വനനശീകരണം എല്ലാം തന്നെ മൗനമായി സഹിക്കുകയാണ് പ്രകൃതിയമ്മ

പരിസ്ഥിതി മലിനീകരണ ഭീഷണിയെക്കുറിച്ച് ആധുനീക മനുഷ്യൻ ചിന്തിച്ചു തുടങ്ങുന്ന കാലമാണിതെങ്കിലും ഏറെയും മനുഷ്യൻ മലിനമാക്കിക്കഴിഞ്ഞു . പരിസ്ഥിതി നശിച്ചാൽ ജീവജാലങ്ങൾ നശിക്കും . മനുഷ്യന്റെ വികലവും വികൃതവുമായ പെരുമാറ്റം കൊണ്ട് പരിസ്ഥിതി നശിച്ചുകൊണ്ടിരിക്കുന്നു . വൃക്ഷങ്ങളും പക്ഷികളും നദികളും പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രധാന ഘടകങ്ങളാണ് . സ്വാർത്ഥമോഹിയായ മനുഷ്യൻ പ്രകൃതിയുടെ കൈകാലുകൾ വെട്ടിനശിപ്പിക്കുന്നു വെട്ടിനശിപ്പിച്ചവയ്ക്ക് പകരം വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാൻ ആരും തയ്യാറല്ല . വൃക്ഷനാശം മണ്ണൊലിപ്പിന് ഇടയാക്കി . വൃക്ഷനശീകരണത്തോടെ പുഴകൾ വരണ്ടു . വൃക്ഷനാശമാണ് ഒന്നാമത്തെ കാരണം . പരിസ്ഥിതിയുടെ നിലനിൽപ്പിനെ സാരമായി ബാധിക്കുന്ന പലതും മനുഷ്യൻ വരുത്തിച്ചവയാണ്.

വായു , വെള്ളം , മണ്ണ് തുടങ്ങിയ ജൈവപ്രധാനമേഖലകളിലെല്ലാം മാലിന്യം നിറഞ്ഞു കൊണ്ടിരിക്കുകയാണ്. വാഹനങ്ങളിൽ നിന്നും പുകയായി പുറന്തള്ളുന്ന കാർബൺ മോണോക്സൈഡ് എന്ന വിഷവാതകം ഹൃദ്രോഗത്തിന് കാരണമാകുന്നു . ആസ്മ ഉണ്ടാക്കുവാനും അതിന്റെ കാഠിന്യം വർദ്ധിപ്പിക്കുവാനും വാതകമലിനീകരണത്തിന് കഴിയുന്നു. മൗനമായി നിൽക്കുന്ന ഭൂമിയമ്മയുടെ ജീവൻ ഏതുഘട്ടത്തിലേക്ക് പോകുമെന്ന് നമുക്ക് കാത്തിരുന്ന് കാണാം.

Angelmariya Biju

അമല ബേബി



## മഴ

മഴ മുത്തുപോൽ ചിതറി
മന്നിൽ നിന്നു ഭൂമിയിലേക്ക്
ഭൂമിയിൽ നിന്ന് സ്നേഹലോകത്തേക്ക്
മഴപെയ്യുമ്പോൾ വേനൽക്കാലമാകാൻ
വേനലാകുമ്പോൾ മഴപെയ്യാൻ
എന്തിനീ ലോകം ഭയക്കുന്നു ജീവിതയാത്ര
എത്ര മനോഹരമാണ് കാണാൻ പ്രളയം
വന്നു കൊടുംകാറ്റടിച്ചു മഴപെയ്തു എന്നിട്ടും
ഈ ലോകം മുന്നേറി മഴ നമ്മെ സനേഹിച്ചു
കാറ്റ് നമ്മെ പ്രണയിക്കുന്നു
മരങ്ങൾ നമ്മെ ജീവിപ്പിക്കുന്നു
എന്നിട്ടും നാം പ്രാണവായുവിന്
വേണ്ടി തിരയുന്നു...........



**ജെസ്സാ ഷനോ**

# നമ്മുടെ നാട്



കേരളം ഒത്തുചേരുന്നിതാ (2)
കൈകൾ കോർത്തു നാം
ഒന്നായി നടന്നിതാ
കേരളസൃഷ്ടിക്കായി നാം

നാം ഒത്തുചേരുന്നിതാ (2)
കേരള സൃഷ്ടിക്കായ് നാം
നവകേരള സൃഷ്ടിക്കായ് നാം
ഒത്തുചേർന്ന നമ്മുടെ കൈകൾ

കോർത്തു നവകേരള സൃഷ്ടിക്കായി
പുഴകൾ മലിനീകരണത്തിൽ നിന്നും
ആ സമ്പത്തിനെ സംരക്ഷിക്കാം
മരങ്ങൾ നട്ടുവളർത്താം നാടിന
നന്മകൾ ചെയ്യാം (കേരളം)

# Thanks..



